ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി)

നമ്പർ	വകുപ്പ്	2011-12 മുതൽ 2015-16 നവംബർ മാസം വരെ ആനുകൂല്യം കൈപ്പറ്റിയ തൊഴിലാളികളുടെ എണ്ണം.
1	ഫിഷറീസ് വകുപ്പ്	722874
2	ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്	44404
3	കയർ വകുപ്പ്	94801
4	ബീഡി വകുപ്പ്	10194
5	കൈത്തറി&ടെക്സ്റ്റൈൽ വകുപ്പ്	49000
6	ഈറ്റ, കാട്ടുവള്ളി ബോർഡ്	81369

തോട്ടം തൊഴിലാളികളുടെ വേതനം

262(2731) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ വേതനം സംബന്ധിച്ച് അവസാനമായി സമഗ്ര പഠനം നടന്നത് എന്നാണ്;

(ബി) തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കുന്നത് സംബന്ധിച്ച 1952-ലെ പഠന റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരുന്ന പല ആനുകൂല്യങ്ങളും നിലവിൽ തൊഴിലാളികൾക്ക് ലഭിക്കുന്നില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തോട്ടം തൊഴിലാളികൾക്ക് മാന്യമായ വേതനം ലഭിക്കുന്നതിനും അവരുടെ സാമൂഹ്യജീവിതം മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ ശിപാർശ പ്രകാരം 3-2-2009-ലെ സ.ഉ(സാധാ)നമ്പർ 152/2009/തൊഴിൽ പ്രകാരം രൂപീകരിച്ച ശ്രീ. എം. കെ. ബാലചന്ദ്രൻ നായർ കൺവീനറായ കമ്മിറ്റിയാണ് പ്ലാന്റേഷൻ മേഖലയെ സംബന്ധിച്ച് അവസാനമായി സമഗ്രപഠനം നടത്തിയത്. ഈ കമ്മിറ്റി തമിഴ്നാട്, ആസാം, പശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ തെളിവെടുപ്പ് നടത്തിയാണ് പഠന റിപ്പോർട്ട് തയ്യാറാക്കിയത്. ആയതിനുശേഷം 27-11-2015-ലെ സ.ഉ.(കൈ) നമ്പർ 188/2015/തൊഴിൽ പ്രകാരം റിട്ടയേർഡ് ജസ്റ്റിസ് എൻ. കൃഷ്ണൻനായരെ ഏകാംഗ കമ്മീഷനായി പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിന് നിയോഗിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) പ്ലാന്റേഷൻ മേഖലയിൽ പ്ലാന്റേഷൻ ലേബർ ആക്ട് അനുശാസിക്കും വിധമുള്ള എല്ലാ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭ്യമാകുന്നതിന് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന മാനേജ്മെന്റുകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. 14-10-2015-ന് ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ കൂലി വർദ്ധനവ് സംബന്ധിച്ച് ധാരണയിലെത്തുകയും അടിസ്ഥാന വേതനവും ക്ഷാമബത്തയും അടക്കം തേയില, കാപ്പിത്തോട്ടം മേഖലയിൽ 301 രൂപയും റബ്ബർത്തോട്ടം മേഖലയിൽ 351 രൂപയും ഏലത്തോട്ടം മേഖലയിൽ 330 രൂപയും ആയി കൂലി വർദ്ധന വരുത്താനും ധാരണയുണ്ടായി. കൂലി നിരക്കുകൾ 2015 നവംബർ 1 മുതൽ നടപ്പിലാക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. പ്ലാന്റേഷൻ മേഖലയിലെ പ്രതിസന്ധി സംബന്ധിച്ച് പഠിക്കുന്നതിനും അടിയന്തര പരിഹാരം കാണുന്നതിനും റിട്ട. ജസ്റ്റിസ് എൻ.കൃഷ്ണൻ നായരെ ഏകാംഗ കമ്മീഷനായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കി പ്ലാന്റേഷൻ ലേബർ കമ്മിറ്റി പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതിനും ധാരണയായിട്ടുണ്ട്.

തോട്ടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തൊഴിലാളികൾക്ക് വാസയോഗ്യമായി ലയങ്ങൾ അറ്റകുറ്റപ്പണികൾ തീർത്ത് നവീകരിക്കുന്നതിനും പുതിയ നിർമ്മാണപ്രവർത്തനം ഘട്ടംഘട്ടമായി നടത്തുന്നതിനും 5 വർഷത്തെ പദ്ധതി സർക്കാർ തയ്യാറാക്കി. അപ്രകാരം നടപ്പുസാമ്പത്തിക വർഷം തന്നെ സർക്കാർ 20 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്ലാന്റേഷൻ സ്കൂളുകളെ ഇംഗ്ലീഷ്, തമിഴ് മീഡിയം സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുക, സ്കൂളുകളില്ലാത്ത പ്ലാന്റേഷനുകളിൽ സ്കൂളുകൾ സ്ഥാപിക്കുന്നതിന് ഭവനം ഫൗണ്ടേഷൻ മുഖേന നടപടി സ്വീകരിക്കുക, സ്കൂളുകളിൽ മെച്ചപ്പെട്ട അദ്ധ്യാപകരെ (പ്രത്യേകിച്ച ഇംഗ്ലീഷ് അദ്ധ്യാപകർ) കൊണ്ടു വരുന്നതിന് കുട്ടി ഒന്നിന് 10,000 രൂപ പൊതുവിദ്യാഭ്യാസ വകുപ്പുവഴി അനുവദിക്കുന്നതാണ്. തൊഴിൽ വകുപ്പ് മുൻകൈയെടുത്ത് പ്ലാന്റേഷൻ മേഖലയിലെ ഹൗസിംഗ് സ്കീമിന് പദ്ധതി തയ്യാറാക്കുന്നതാണ്. ഇതിനായി 150 കോടി രൂപ അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതാണ്. ആയതിന്റെ നടത്തിപ്പിനായി ഭവനം ഫൗണ്ടേഷനെ ചുമതലപ്പെടുത്തുന്നതാണ്. പ്ലാന്റേഷനുകളിലെ കുടിവെള്ളം, ശൗചാലയങ്ങൾ, റോഡുകളുടെ അറ്റകുറ്റപ്പണി എന്നിവയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപടി സ്വീകരിക്കുന്നതാണ്. പ്ലാന്റേഷൻ തൊഴിലാളികളെ ആർ.എസ്.ബി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്ലാന്റേഷൻ തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് അടിയന്തര ഘട്ടങ്ങളിൽ അൾട്രാസൗണ്ട് സ്കാനിംഗ്, എൻഡോസ്കോപ്പി, ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി തുടങ്ങിയ ആധുനിക ചികിത്സയ്ക്ക് വിധേയമാകുന്ന സാഹചര്യത്തിൽ തോട്ടംവക ഗാർഡൻ/ഗ്രൂപ്പ് ഹോസ്പിറ്റലുകൾ, തോട്ടവുമായി ബന്ധപ്പെടുത്തിയ സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർ ശിപാർശ ചെയ്യുന്ന സാഹചര്യങ്ങളിൽ തൊഴിലാളിക്കും തൊഴിലാളികളുടെ ആശ്രിതർക്കും വിദഗ്ധ ചികിത്സയ്ക്ക് ചെലവാകുന്ന തുക തൊഴിലുടമ റീ-ഇമ്പേഴ്സ് ചെയ്യുന്ന വ്യവസ്ഥയിൽ പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടറുടെ അംഗീകാരത്തോടുകൂടി എം.ആർ.ഐ., അൾട്രാസൗണ്ട് സ്കാനിംഗ്, എൻഡോസ്കോപ്പി, ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, ഫിസിയോതെറാപ്പി എന്നീ സൗകര്യങ്ങളും ക്ഷയം, ക്യാൻസർ, ഹൃദ്രോഗം എന്നിവയുടെ ചികിത്സയ്ക്ക് പ്രത്യേകം വാർഡുകളും സാംക്രമിക രോഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ചികിത്സിക്കുന്നതിനും പ്രസവശ്രുശ്രൂഷയ്ക്കും സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം വാർഡുകളും തോട്ടങ്ങളോടനുബന്ധിച്ച ആശുപത്രികളിൽ സജ്ജീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 24-4-2013-ൽ തന്നെ സർക്കാർ 1959-ലെ കേരള പ്ലാന്റേഷൻ ചട്ടങ്ങൾ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും തോട്ടം മേഖലയിലെ ആരോഗ്യ പരിപാലനത്തിനും കേരള പ്ലാന്റേഷൻ മെഡിക്കൽ അഡ്വൈസറി ബോർഡ് പുനസംഘടിപ്പിക്കുന്നതിനുള്ള നടപടികളും സർക്കാർ ആരംഭിച്ചിട്ടുണ്ട്. പ്ലാന്റേഷൻ ഇൻസ്പെക്ടർമാരുടെ യോഗം വിളിച്ചുചേർത്ത് ലയങ്ങളുടെ അവസ്ഥ, കുടിവെള്ള ലഭ്യത, ശൗചാലയങ്ങളുടെ സ്ഥിതി, കാലാവസ്ഥാ സംരക്ഷണ ഉപാധികളുടെ വിതരണം എന്നിവ സംബന്ധിച്ച് പ്രശ്നങ്ങളുണ്ടെങ്കിൽ ആയത് ഇടപെട്ട് പരിഹരിക്കുന്നതിന് വകുപ്പുതല നിർദ്ദേശം നൽകിയിട്ടുണ്ട്. 50 ഏക്കറിന് ഒരു ശൗചാലയം എന്നത് കർശനമായി നടപ്പിലാക്കാനും വെൽഫയർ ആഫീസർമാർ ഇല്ലാത്ത പ്ലാന്റേഷനുകളിൽ 15 ദിവസത്തിനുള്ളിൽ നിയമിക്കാനുള്ള നിർദ്ദേശം നൽകാനും യോഗത്തിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തോട്ടം ഉടമകൾക്കുള്ള ആനുകൂല്യങ്ങൾ

263(2732) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തോട്ടം ഉടമകൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് വ്യക്തമാക്കുമോ?

ഉത്തരം

9-11-20115-ലെ സ.ഉ.(എംഎസ്.)നമ്പർ 166/2015/തൊഴിൽ പ്രകാരം തോട്ടം ഉടമകൾക്കുവേണ്ടി താഴെപ്പറയുന്ന തീരുമാനങ്ങൾ സർക്കാർ എടുത്തിട്ടുണ്ട്:

1. പ്ലാന്റേഷൻ മേഖലയിലെ വൈദ്യുതി നിരക്ക് കുറയ്ക്കുന്നതിന് ബന്ധപ്പെട്ട മാനേജ്മെന്റുകൾ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യേണ്ടതാണ്. കമ്മീഷന്റെ തീരുമാനത്തിനനുസരിച്ച് സർക്കാർ വൈദ്യുതി നിരക്കിൽ മാറ്റം വരുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly